**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 84** **14-10-2026-ൽ മറുപടിയ്ക്ക്**

**പഠനമുറി ധനസഹായം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എഫ്. രാജ

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. എ. തുളസി

(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിലേയ്ക്കായി രണ്ട് ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. 120 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആയിരിക്കണം പഠനമുറി നിർമ്മിക്കേണ്ടത്. എന്നാൽ ഒരു ഘട്ടത്തിലും 100 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കുറയാൻ പാടുള്ളതല്ല.

2026-27 സാമ്പത്തിക വർഷം പഠനമുറി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നടപ്പുവർഷം 5000 ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

**(ബി)** ഏതൊക്കെ വിഭാഗം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സഹായം ലഭിക്കുന്നത്; സ്കൂൾ,കോളേജ് വിദ്യാർത്ഥികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

**മറുപടി:** സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് /സ്പെഷ്യൽ/ടെക്നിക്കൽ/ കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**(സി)** പ്രസ്തുത ധനസഹായം നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**മറുപടി:** കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ള 5 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി ധനസഹായത്തിനായി അപേക്ഷ നൽകാവുന്നതാണ്. 12-ാം ക്ലാസ്സിൽ പഠിക്കുന്നവർക്കും ഒരു കിടപ്പുമുറി മാത്രമുള്ള വീടുള്ളവർക്കും വിധവ/വിഭാര്യൻ നയിക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും മാരകമായ രോഗം ബാധിച്ച രക്ഷിതാക്കൾ ഉള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും ഒന്നിലധികം പെൺകുട്ടികൾ വിദ്യാർത്ഥികൾ ആയുള്ള കുടുംബത്തിനും വരുമാനം കുറവുള്ളവർക്കും മുൻഗണന നൽകുന്നതാണ്.

മുൻപ് 800 ചതുരശ്ര അടി വരെ എന്നുള്ള മാനദണ്ഡം ഈ സർക്കാർ, 1000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ വരെ എന്നാക്കി ഉയർത്തി കൂടുതൽ കുട്ടികൾക്ക് അവസരം ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**